(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പിന്നോക്കവികസന കോർപ്പറേഷനിൽ നിന്നും വായ്പ

1 (2551) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷൻ ഏതൊക്കെ പദ്ധതികൾക്ക് വായ്പ അനുവദിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത കോർപ്പറേഷനിൽ നിന്നും ഇതുവരെയായി എത്ര പേർക്ക് വായ്പ അനുവദിച്ചിട്ട് ഉണ്ടെന്നുള്ള കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(സി) വായ്പ തുക തിരിച്ചടക്കുന്നതിലെ പുരോഗതി വ്യക്തമാക്കാമോ ;

(ഡി) ഇപ്പോൾ എത്ര അപേക്ഷകൾ കോർപ്പറേഷന്റെ പരിഗണനക്കായി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സ്വയം തൊഴിൽ സംരംഭങ്ങൾക്കുള്ള വായ്പ, ഭവന നിർമ്മാണ വായ്പ, വീടു വയ്ക്കുവാൻ സ്ഥലം വാങ്ങുന്നതിനുള്ള വായ്പ, വിദേശത്തു തൊഴിൽ നേടുന്നതിനുള്ള വായ്പ, നിർദ്ധന കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിനുള്ള വായ്പ, വിദ്യാർത്ഥികൾക്കുള്ള കമ്പ്യൂട്ടർ വായ്പ എന്നീ പദ്ധതികൾക്ക് ഇപ്പോൾ വായ്പ നൽകി വരുന്നു.

(ബി) 31-1-2000 വരെ ഏകദേശം 13000 വ്യക്തികൾക്ക് വായ്പ നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ശേഖരിച്ചു വരുന്നു.

(സി) വായ്പ തിരിച്ചടവിൽ ഗണ്യമായ പുരോഗതിയുണ്ട്. ഇതുവരെ വിതരണം ചെയ്ത വായ്പകളുടെ 73 ശതമാനത്തോളം തിരിച്ചടവ് ഉണ്ടായിട്ടുണ്ട്.

(ഡി) വിവരം മേഖലാ/ജില്ലാ ആഫീസുകളിൽ നിന്നും ശേഖരിച്ചു നൽകുന്നതാണ്.

ഇൻകം സർട്ടിഫിക്കറ്റും ജാതി സർട്ടിഫിക്കറ്റും ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ നടപടി

2 (2552) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനത്തിനായി തിരഞ്ഞെടുക്കപ്പെട്ട ജോസഫ് കമ്മീഷൻ റിപ്പോർട്ട് പ്രകാരം സ്വീകരിക്കേണ്ടതായ നടപടികളെ സംബന്ധിച്ച് ഗവൺമെന്റ് പുറപ്പെടുവിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly